# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 13-03-2018 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 275

## തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ.അബ്ദു റബ്ബ് :<br>ശ്രീ. എം.ഉമ്മർ :<br>ശ്രീ. അബ്ദുൾ ഹമീദ്.പി :<br>ഡോ. എം.കെ.മുനീർ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) |
| (എ) തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ; | (എ) തുറമുഖങ്ങളിലെ ആഴം വർദ്ധിപ്പിക്കുന്നതിന് മാന്വൽ ഡ്രഡ്ജിംഗും, മെക്കാനിക്കൽ ഡ്രഡ്ജിംഗും സർക്കാർ അവലംബിക്കുന്നുണ്ട്. 2011-12 സാമ്പത്തിക വർഷം മുതൽ ബേപ്പൂർ, അഴീക്കൽ, കൊടുങ്ങല്ലൂർ, കൊല്ലം തുടങ്ങിയ തുറമുഖങ്ങളിൽ കേരള സ്റ്റേറ്റ് മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മുഖാന്തിരം മെക്കാനിക്കൽ ഡ്രഡ്ജിംഗ് നടത്തി വരുന്നുണ്ട്. ഇപ്പോൾ അഴീക്കൽ, കൊടുങ്ങല്ലൂർ തുറമുഖങ്ങളിൽ ടി പ്രവൃത്തി നടന്നുവരികയാണ്. കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിയുടെ ഭാഗമായി കൊല്ലം തുറമുഖത്തിന്റെ ആഴം 10 മീറ്ററായും ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളുടെ ആഴം 5-6 മീറ്ററായി വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി 19 കോടി രൂപ മുതൽ മുടക്കിൽ ഒരു കട്ടർ സക്ഷൻ ഡ്രെഡ്ജർ വാങ്ങിയിട്ടുണ്ട്.<br>കാസർഗോഡ്, മഞ്ചേശ്വരം, നീലേശ്വരം, അഴീക്കൽ, വടകര, പൊന്നാനി, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളിലാണ് മാന്വൽ ഡ്രഡ്ജിംഗ് നടത്തിവരുന്നത്. |
| (ബി) അതിനായി മുൻ സർക്കാരിന്റെ കാലത്ത് കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (ബി) ഇല്ല. |

| | | | |
|---|---|---|---|
| (സി) | കേന്ദ്ര സഹായം നേടിയെടു ക്കുന്ന കാര്യത്തിൽ ഈ സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ ; | (സി) യും (ഡി) | കേന്ദ്രസർക്കാരിന്റെ സാഗർമാല പദ്ധതിയുടെ ഭാഗമായി കോസ്റ്റൽ ബർത്ത് സ്കീമിൽ ഉൾപ്പെടുത്തി കൊല്ലം, അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളിൽ ഡ്രെഡ്ജിംഗ് നടത്തുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്. ഇതിനായി സാങ്കേതിക പഠനം നടത്തി കേന്ദ്രസർക്കാരിന് സമർപ്പിക്കാവുന്ന തരത്തിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ടി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് കേന്ദ്രസർക്കാരിന് അപേക്ഷ സമർപ്പിക്കുന്നതാണ്. |
| (ഡി) | തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പി ക്കുന്നതിന് സംസ്ഥാന ഫണ്ട് പര്യാപ്തമല്ലാത്ത സാഹചര്യ ത്തിൽ കേന്ദ്ര സഹായം നേടിയെടുക്കുന്നതിന് മന്ത്രി തലത്തിലും ഉദ്യോഗസ്ഥ തലത്തിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ? | | |

**സെക്ഷൻ ഓഫീസർ**